കേരള സർക്കാർ
പൊതു വിദ്യാഭ്യാസ വകുപ്പ്
ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം

# ആക്ഷൻ പ്ലാൻ

## 2025-26




NSS

# ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം ആക്ഷൻ പ്ലാൻ 2025-26

ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന വോളന്റിയർമാർ 18 വയസ്സിൽ താഴെയുള്ള വിദ്യാർത്ഥികളാണ്. ഈ പ്രായവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ സാമൂഹിക കാഴ്ചപ്പാടുകളും ലോകവീക്ഷണവും ഉണ്ടാകുവാനും പ്രബുദ്ധ പൗരത്വത്തിലേക്ക് അവരെ വളർത്തിയെടുക്കുവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള കർമ്മ പദ്ധതിക ളാണ് 2025-26 വർഷത്തിൽ നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നത്.ഐക്യരാഷ്ട്ര സഭ 2030 ൽ യാഥാർത്ഥ്യമാക്കാൻ ലക്ഷ്യമിടുന്ന സുസ്ഥിര വികസന സൂചികകൾ **(SDGS)** വിദ്യാർത്ഥികളെ പരിചയപ്പെടുത്തുവാൻ ഈ വർഷത്തെ പ്രവർത്തന പദ്ധതി ലക്ഷ്യമിടുന്നു. പ്രവർത്തന പദ്ധതികളെ ടി സൂചികകളുമായി ബന്ധപ്പെടുത്തിയാണ് അവതരിപ്പിച്ചിരിക്കുന്നത്. നിരന്തര വിലയിരുത്തലുകളിലൂടെ പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പുവരുത്താനുള്ള ക്രമീകരണങ്ങൾ കൂടി ഉൾപ്പെടും വിധമാണ് പ്രവർത്തന പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്.

യൂണിറ്റുകൾക്ക് സൃഷ്ടിപരമായ ഇടപെടലുകൾക്കുള്ള ഇടം ഉറപ്പാക്കുന്നതി നായി തനത് കർമ്മ പദ്ധതികൾക്കും കേന്ദ്ര -സംസ്ഥാന സർക്കാരുകൾ നിർദ്ദേശിക്കുന്ന മറ്റ് പ്രധാന പ്രവർത്തനങ്ങൾക്കും ആവശ്യാനുസരണം സമയം നീക്കിവെച്ചിട്ടുണ്ട്.



# I. ഓറിയന്റേഷൻ പ്രവർത്തനങ്ങൾ

## 1.നമ്മുടെ ഭൂമി-Our Earth

പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തേണ്ടതിന്റെ ആവശ്യകതയും പരിസ്ഥിതി സംരക്ഷണത്തെ സംബന്ധിച്ച ആശയങ്ങളും വോളന്റിയർമാരിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ക്യാമ്പസുകളിൽ വിവിധ ബോധവൽക്കര പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

ഹരിതവൽക്കരണത്തിന്റെ പ്രാധാന്യം, ജലസംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയും തീരദേശ സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങളും ജലത്തിലെ സസ്യ, ജീവജാലങ്ങളുടെ സംരക്ഷണം ലക്ഷ്യംവച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രാദേശിക സാധ്യതകൾക്കനുസരിച്ച് സംഘടിപ്പിക്കാവുന്നതാണ്.

## 2.സന്നദ്ധം - ദുരന്തനിവാരണ ജീവരക്ഷാ പ്രവർത്തനങ്ങൾ



കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾപോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ ഇടപെടാനുള്ള നൈപുണ്യം, അടിസ്ഥാന ജീവരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള നൈപുണ്യം,തീപിടുത്തം പോലുള്ള സാഹചര്യങ്ങളെ നേരിടാനുള്ള നൈപുണ്യം എന്നിവ ആർജിക്കാനുള്ള പരിശീലനം.ഫയർ ആൻഡ് റെസ്ക്യൂ സർവീസുമായി സഹകരിച്ച് സംസ്ഥാനതലത്തിൽ തയ്യാറാക്കപ്പെട്ട മോഡ്യൂളിന്റെ അടിസ്ഥാനത്തിലാണ് പരിശീലനം സംഘടിപ്പിക്കേണ്ടത്.

## 3. സത്യമേവ ജയതേ - Responsible Journalism

സത്യാനന്തര കാലഘട്ടത്തിൽ വാർത്തകളുടെ നിജസ്ഥിതി അപഗ്രഥിച്ച് തിരിച്ചറിയുക എന്നത് ഒരു അതിജീവന നൈപുണ്യമാണ്. വിവരസാങ്കേതിക വിസ്ഫോടനത്തിന്റെ പശ്ചാത്തലത്തിലുള്ള വാർത്താ ബാഹുല്യത്തിൽ വിവിധങ്ങളായ മാധ്യമങ്ങളിലൂടെ തങ്ങളിലേക്ക് എത്തുന്ന വാർത്തകളിലെ വാസ്തവത്തെപ്പറ്റി അവബോധം ഉണ്ടാക്കാനും വ്യാജനിർമ്മിത വാർത്തകൾക്കെതിരെ ജാഗ്രത പുലർത്താനും സാമൂഹ്യമായ ബോധവൽക്കരണം നടത്താനും വോളന്റിയർമാരെ പര്യാപ്തമാക്കുന്ന പ്രവർത്തനങ്ങൾ. SIET യുടെ സഹായത്തോടെ ഇതിന് ആവശ്യമായ മോഡ്യൂളുകളും ശില്പശാലകളും സംഘടിപ്പിക്കാവുന്നതാണ്.

## 4‘We, the People’

ഭരണഘടന മൂല്യങ്ങൾ, മറ്റു നിയമങ്ങൾ എന്നിവയെപ്പറ്റി അവബോധം ഉണ്ടാവുക, സ്വതന്ത്ര ജനാധിപത്യ സമൂഹത്തിന്റെ നിലനിൽപ്പിനും അതിജീവനത്തിനും ഭരണഘടന വഹിക്കുന്ന സക്രിയമായ പങ്കിനെ സംബന്ധിച്ച് അവബോധം വോളന്റിയർമാരിൽ സൃഷ്ടിക്കുക എന്നിവയാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം, ഭരണഘടന മൂല്യങ്ങൾ, മൗലിക അവകാശങ്ങളും കടമകളും, മതേതരത്വം, ഫെഡറലിസം എന്നിവയെക്കുറിച്ച് സമഗ്ര ധാരണ രൂപപ്പെടുത്താൻ ഉതകുംവിധം ബോധവൽക്കരണ ക്ലാസ്സുകൾ, ചർച്ച തുടങ്ങിയവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുക.




ഇതു കൂടാതെ, ആധുനിക കാലഘട്ടത്തിലെ പ്രശ്നങ്ങളിൽ ഒന്നായ വന്യമൃഗങ്ങളുടെ കടന്നു കയറ്റത്തിന്റെ പശ്ചാത്തലത്തിൽ വന നിയമങ്ങളെകുറിച്ചുള്ള അവബോധം,തീരദേശ നിയമങ്ങളെ സംബന്ധിച്ച സാമാന്യ അവബോധം എന്നിവ വോളന്റിയർമാരിൽ എത്തിക്കാനും ഈ പ്രവർത്തനം ലക്ഷ്യമിടുന്നു.വനം വകുപ്പ്, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തുടങ്ങിയവയുടെ സഹകരണം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

## 5. സമദർശൻ ലിംഗ സമത്വ പരിപാടി

സ്ത്രീധന നിരോധന ബോധവൽക്കരണ പ്രവർത്തനങ്ങൾ, വ്യത്യസ്ത ലിംഗ വിഭാഗങ്ങളെക്കുറിച്ചും അവരുടെ അവകാശങ്ങളെകുറിച്ചും ധാരണ വളർത്തൽ എന്നിവ ഉൾപ്പെടുന്നു. നിലവിലെ കേന്ദ്രീകൃതമായ ഒരു മൊഡ്യൂൾ ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിശീലനത്തിനായി തയ്യാറാക്കി നൽകും. സംസ്ഥാന സാമൂഹിക നീതി വകുപ്പ്, SCERT എന്നിവയുടെ വിദഗ്ധ സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

സമദർശൻ എന്ന ആശയം ഭരണഘടനാധിഷ്ഠിതമായി നിലനിൽക്കുന്ന നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഗുണപരമായി ഉൾക്കൊള്ളും വിധമാണ് പരിശീലന മൊഡ്യൂൾ തയ്യാറാക്കുന്നത്.

## 6. സ്പെസിഫിക് ഓറിയന്റേഷൻ -

ക്ലസ്റ്റർകൺവീനർമാർ എല്ലാ യൂണിറ്റുകളിലും 3 മണിക്കൂർ നീളുന്ന സ്പെസിഫിക് ഓറിയന്റേഷൻ നൽകുന്നതായിരിക്കും.

## 7. കാരുണ്യ സ്പർശം - പാലിയേറ്റീവ് കെയർ പരിശീലനം

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെ കുറിച്ചുള്ള ഓറിയന്റേഷൻ ക്ലാസുകൾ നടത്തുക. സന്നദ്ധ പ്രവർത്തകർ, വൃദ്ധസദന പരിചാരകർ, പാലിയേറ്റീവ് സ്ഥാപന നടത്തിപ്പുകാർ എന്നിവരെ ഇതിനായി സമീപിക്കാം.

## 8. ഡിജിറ്റൽ ഹൈജീൻ -

ഡിജിറ്റൽ മേഖല കൈകാര്യം ചെയുമ്പോൾ പുലർത്തേണ്ട സൂക്ഷ്മതയെക്കുറിച്ചും ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളെക്കുറിച്ചും അവബോധം സൃഷ്ടിക്കാനുള്ള ക്ലാസുകൾ.

## 9. സമ്മതിദാന അവകാശ ബോധവൽക്കരണം -

വോട്ടുചെയ്യുന്നിന്റെ പ്രാധാന്യത്തെക്കുറിച്ചും വോട്ടർമാരുടെ കടമകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്ലാസുകൾ.



# II. കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ

## 1. മാലിന്യമുക്ത മഴക്കാലം - Healthy Monsoon

മഴക്കാല പൂർവ്വശുചീകരണ കാമ്പയിൻ, 2025-26 അദ്ധ്യയന വർഷാരംഭത്തിനു മുന്നോടിയായി എൻ.എസ്. എസ്. വോളന്റിയർമാർ എൻ.എസ്.എസ്. യൂണിറ്റ് പ്രവർത്തിക്കുന്ന സ്കൂളുകളുമായി ബന്ധപ്പെട്ട് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ജൂൺ ആദ്യവാരം തന്നെ തെക്കുപടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ എല്ലാ ക്ലാസ്മുറികളും പരിസരവും ശുചിയാക്കുന്ന മാലിന്യമുക്ത മഴക്കാലകാമ്പയിൻ പ്രവർത്തന ങ്ങളിൽ സജീവമായി പങ്കെടുക്കുക. പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന വോളന്റിയർമാർക്ക് പ്രോഗ്രാം ഓഫീസറുടെയും സ്കൂൾ പി.ടി.എ.യുടെ യും നേതൃത്വത്തിൽ ജലജന്യരോഗങ്ങളിൽ നിന്നും മറ്റ് ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കാനുതകുന്ന മുൻകരുതലുകളെടുക്കേണ്ടതാണ്. ഹരിത കർമ്മ സേനാംഗങ്ങളുടെ സഹകരണം പ്രാദേശിക ഭരണകൂടവുമായി ചർച്ചചെയ്ത് ഉറപ്പാക്കുക.

മാലിന്യമുക്ത മഴക്കാലം കാമ്പയിനിന്റെ ഭാഗമായി സ്കൂളിൽ എൻ.എസ്.എസ് പരിപാലിക്കുന്ന തനതിടം തുടർപ്രവർത്തനങ്ങൾക്കായി ഒരുക്കുക.



## 2. 'കല്പകം'

### ഹരിതാഭക്കായ് ഒരു ചുവടുവെപ്പ്

2025 ലോക പരിസ്ഥിതി ദിനം ജൂൺ അഞ്ചിന് കല്പകം പദ്ധതി എന്ന പേരിൽ സംഘടിപ്പിക്കേണ്ടതാണ്. 2025 ലെ പരിസ്ഥിതി ദിന പ്രമേയമായ **Ending Global Plastic Pollution** ആഗോള പ്ലാസ്റ്റിക് മലിനീകരണ നിർമാർജനം എന്ന ഐക്യരാഷ്ട്രസഭ മുന്നോട്ടുവെക്കുന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ഒപ്പം കേരളത്തിന്റെ ഔദ്യോഗിക വൃക്ഷമായ തെങ്ങിന്റെ 2 തൈകൾ ഉചിതമായ സ്ഥലങ്ങൾ തിരഞ്ഞെടുത്തു നട്ടുപിടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 3. ജീവിതോത്സവം

**ജീവിതോത്സ**വ പ്രൊജക്ട് വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

## 4. Teen for green

### പദ്ധതി വിവരണം

ഈ പദ്ധതി കേരളത്തിലെ മാലിന്യ സംസ്കരണ രംഗത്ത് ഗുണപരമായ ഇടപെടലിന് ലക്ഷ്യമിടുന്നു. വോളന്റിയർമാർ തങ്ങളുടെ വീടുകളിലെ അജൈവമാലിന്യം മൂന്ന് ബാഗുകളിലായി ക്രമീകരിച്ച് വയ്ക്കുന്നു.

1. പ്ലാസ്റ്റിക് കവറുകൾ
2. കുപ്പികൾ
3. ഹാർഡ് പ്ലാസ്റ്റിക്കുകൾ



ഹരിത കർമ്മ സേനാംഗങ്ങൾ വീടുകളിൽ എത്തുമ്പോൾ അവർക്ക് വളരെ എളുപ്പത്തിൽ മാലിന്യങ്ങൾ ശേഖരിക്കാൻ സാധിക്കുന്ന പദ്ധതിയാണിത്. വിദ്യാർത്ഥികളിൽ പ്ലാസ്റ്റിക് ഉപ യോഗം നിയന്ത്രിക്കുന്നതിനും ചിട്ടയായി വേർതിരിക്കൽ നടത്തുന്നതിലൂടെ എത്രമാത്രം മാലിന്യങ്ങൾ തങ്ങളുടെ വീടുകളിൽ ഉണ്ടാകുന്നു എന്നതും തിരിച്ചറിയാൻ സാധിക്കുന്നു. തുടക്കത്തിൽ ഇത് അവരുടെ വീടുകളിലും പിന്നീട് പങ്കാളിത്ത ഗ്രാമത്തിലും നടപ്പാ ക്കാവുന്നതാണ്.

ശുചിത്വമിഷൻറെയും, ഹരിത കേരള മിഷന്റെയും വലിയ സഹകരണം ഇതുമായി ബന്ധപ്പെട്ട് നമുക്ക് ലഭിക്കുന്നതാണ്.

## തുടർ പ്രവർത്തനങ്ങൾ :

ഹരിത കർമ്മ സേനാംഗങ്ങളുമായി സഹകരിച്ച് 10 വീടുകൾ സന്ദർശിക്കാൻ ഒരു വോളന്റിയറെ നിയോഗിക്കും. ഈ വോളന്റിയർ മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും മാലിന്യ ശേഖരണത്തിലും സംസ്ക്കരണത്തിലും ഹരിത കർമ്മ സേനയോടൊപ്പം ചേരാൻ പ്രേരിപ്പിക്കുകയും ചെയ്യും. പഞ്ചായത്ത് സെക്രട്ടറിയുടെയും ഹരിത കർമ്മ സേന കോഡിനേറ്ററുടെയും സാക്ഷ്യപത്രങ്ങൾ വോളന്റിയർ ഡയറിയിൽ പ്രവർത്തന റിപ്പോർട്ടിനോടൊപ്പം സൂക്ഷിക്കും.

10 വീടുകളിൽ മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

1. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ 10 വീടുകളിലെ നിവാസികളെ പ്രേരിപ്പിക്കുക.
2. മാലിന്യ ശേഖരണത്തിലും സംസ്ക്കരണത്തിലും കാര്യക്ഷമമായ രീതികൾ പ്രോത്സാഹിപ്പിക്കുക.
3. ഒരു സുസ്ഥിര സമൂഹം സൃഷ്ടിക്കുന്നതിന് വ്യക്തികളെയും സമൂഹങ്ങളെയും ശാക്തീകരിക്കുക.
4. മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
5. ഈ പദ്ധതിയുടെ ഭാഗമായി, സ്കൂളുകളിൽ മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാം. കുട്ടികളെ മാലിന്യങ്ങൾ വേർതിരിച്ച് സംസ്ക്കരിക്കുന്ന തിനെക്കുറിച്ച് പഠിപ്പിക്കാനും അവരെ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താനും ഇത് സഹായിക്കും.
6. മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക: ഓരോ വാർഡിലും മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ പദ്ധ തിയുടെ ഭാഗമായി പരിഗണിക്കാം. ഇത് മാലിന്യം ശരിയായി സംസ്ക്കരിക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുകയും പരിസ്ഥിതി മലിനീകരണം കുറയ്ക്കാൻ സഹായിക്കുകയും ചെയ്യും.
7. സാങ്കേതിക വിദ്യ ഉപയോഗിക്കുക : മാലിന്യ ശേഖരണത്തിലും സംസ്ക്കരണത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യ ഉപയോഗിക്കാം. ഉദാഹരണത്തിന് മാലിന്യം ശേഖരിക്കുന്ന തിനും വിതരണം ചെയ്യുന്നതിനുമുള്ള സ്മാർട്ട് വാഹനങ്ങൾ ഉപയോഗിക്കാം.
8. ഗവേഷണം നടത്തുക : മാലിന്യ സംസ്കരണത്തിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും രീതികളും സംബന്ധിച്ച പഠനങ്ങൾ ചർച്ചകൾ മുതലായവ സംഘടിപ്പിക്കാം.
9. ഹരിത കർമ്മ സേനാംഗങ്ങളുമായി കൂടിയിരിപ്പ് സംഘടിപ്പിക.

## പ്രതീക്ഷിക്കുന്ന ഫലങ്ങൾ:

മാലിന്യ സംസ്ക്കരണത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക.

കാര്യക്ഷമമായ മാലിന്യ സംസ്ക്കരണ രീതികൾ സ്വീകരിക്കാൻ കൂടുതൽ ആളുകളെ പ്രേരിപ്പിക്കുക.

ശുദ്ധവും ആരോഗ്യകരവുമായ പരിസ്ഥിതി സൃഷ്ടിക്കുക.

# 5. 'ഉപജീവനം'/ 'ഭവനം'

## (a) ഉപജീവനം

സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്ന ജനങ്ങൾക്ക് ജീവിതമാർഗ്ഗം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ/ക്ലസ്റ്റർ/യൂണിറ്റ് തലത്തിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഉപജീവനം. ഈ പദ്ധതിയിലൂടെ ഈ വിഭാഗങ്ങൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാനും സ്വയംപര്യാപ്തരാക്കാനും ആവശ്യമായ പരിശീലനവും പിന്തുണയും നൽകാൻ ലക്ഷ്യമിടുന്നു.

### ലക്ഷ്യങ്ങൾ:

1. ദാരിദ്ര്യം കുറയ്ക്കുകയും സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.
2. തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. സാമൂഹിക നീതിയും സമത്വവും ഉറപ്പാക്കുക.
4. വരുമാനം വർദ്ധിപ്പിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക.

### പ്രധാന പ്രവർത്തനങ്ങൾ

കൈത്തൊഴിൽ പരിശീലനം, നൈപുണ്യവികസന പരിപാടികൾ എന്നിവ നൽകുക.
ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുക.
വിപണനം, ബിസിനസ്സ് വികസനം എന്നിവയ്ക്കുള്ള പരിശീലനം നൽകുക.
തൊഴിൽ അവസരങ്ങൾക്കായി ഇടപെടൽ നടത്തുക.
സാമൂഹിക സുരക്ഷാ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

### പ്രതീക്ഷിക്കുന്ന ഫലങ്ങൾ

- ദാരിദ്ര്യ നിരക്ക് കുറയുന്നു.
- തൊഴിലവസരങ്ങളുടെ ലഭ്യത വർദ്ധിക്കുന്നു.
- സ്വയം തൊഴിൽ വർദ്ധിക്കുന്നു.
- വരുമാനം വർദ്ധിക്കുക്കുന്നു
- ജീവിത നിലവാരം മെച്ചപ്പെടുന്നു.
- സാമൂഹിക നീതിയും സമത്വവും ശക്തിപ്പെടുത്തുന്നു.

### പങ്കാളികൾ

- സർക്കാർ വകുപ്പുകൾ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

### ഉപജീവനം പദ്ധതി - മറ്റ് ഉദാഹരണങ്ങൾ

- തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും
- കരകൗശല വസ്തുക്കൾ നിർമ്മാണം
- ഭക്ഷ്യ സംസ്ക്കരണം
- ടെക്സ്റ്റൈൽസ്
- ടൂറിസവും ആതിഥേയത്വവും
- കമ്പ്യൂട്ടർ നൈപുണ്യങ്ങൾ
- ഡാറ്റാ എൻട്രി
- അക്കൗണ്ടിംഗ്
- ഓഫീസ് അഡ്മിനിസ്ട്രേഷൻ
- സ്വയം തൊഴിൽ സംരംഭങ്ങൾ
- ചെറുകിട സ്റ്റോറുകൾ
- ഭക്ഷണ സ്റ്റാളുകൾ
- ടാക്സി സേവനങ്ങൾ
- ഹോം ഡെലിവറി സേവനങ്ങൾ
- റിപ്പയർ സേവനങ്ങൾ
- ട്യൂട്ടറിംഗ്
- ഫ്രീലാൻസ് പ്രവർത്തനം

## (b) 'ഭവനം'

ഹയർ സെക്കന്ററി എൻ.എസ്.എസ്. ഇരുപത്തിയഞ്ചു വർഷം പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട് തുടക്കംകുറിച്ച 'രജതഭവന പദ്ധതിയുടെയും നാഷണൽ സർവ്വീസ് സ്കീം ഇന്ത്യയിൽ 50 വർഷം പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട് തുടക്കംകുറിച്ച 'സുവർണ്ണ ഭവന പദ്ധതിയുടെയും ഭാഗമായി 500ൽ പരം വീടുകൾ കഴിഞ്ഞ 5 വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്

ഈ പ്രവർത്തന വർഷം മുതൽ എല്ലാ ഹയർ സെക്കന്റ്ററി എൻ. എസ്.എസ്. യൂണിറ്റുകളും തനതു പ്രവർത്തനത്തിൻറെ ഭാഗമായി ഒരുവീട് നിർമ്മിച്ച് പൂർത്തിയാക്കുകയോ അല്ലെങ്കിൽ നിശ്ചിത എണ്ണം യൂണിറ്റുകൾ കൂടിച്ചേർന്ന് ഒരു വീടിൻറെ നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യുന്ന പ്രവർത്തനത്തിന്റെ ഭാഗമാകേണ്ടതാണ്.

### വിഭവസമാഹരണം

ഭവനനിർമ്മാണത്തിന്റെ വിഭവശേഖരണത്തിനായി വ്യത്യസ്ത രീതികൾ അവലംബിക്കേണ്ടതുണ്ട്.

### 1. സ്ക്രാപ്ചാലഞ്ച്

ന്യൂസ്പേപ്പർ അടക്കമുള്ള പുനരുപയോഗിക്കാൻ സാധിക്കുന്ന പാഴ്‌വസ്തുക്കൾ ശേഖരിച്ച് കൈമാറുന്നതു വഴി ലഭിക്കുന്ന മൂല്യം ഭവനനിർമ്മാണത്തിന്റെ വിഭവ ശേഖരണത്തിനായി ഉപയോഗിക്കാവുന്നതാണ്. മാലിന്യമുക്ത കേരളനിർമ്മിതി ക്കായുള്ള കാമ്പയിൻറെ ഭാഗമായികൂടി പാഴ്‌വസ്തുശേഖരണ പുനരുപയോഗ പ്രവർത്തനങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണ്.

### 2. ഉൽപ്പന്ന നിർമ്മാണ വിതരണപ്രവർത്തനങ്ങൾ

ഗാർഹികാവശ്യത്തിനുള്ള സോപ്പ്, അലക്കുപൊടി, ഹാന്റ് വാഷ്, തുടങ്ങിയ വിവിധ ഇനം ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം വോളന്റിയർമാർക്ക് നൽകുകയും ഇത്തരം ഉല്പന്നങ്ങൾ കൈമാറുമ്പോൾ ലഭിക്കുന്ന മൂല്യം ഭവനനിർമ്മാണത്തിന് ഉപയോഗിക്കാവുന്നതുമാണ്. സ്വാശ്രയശീലം, സംരംഭകത്വം തുടങ്ങിയ അഭിലഷണീയ മനോഭാവങ്ങൾ വളർത്താൻ ഈ പദ്ധതി ഉപകരിക്കും.



## 6. ' ശലഭോത്സവം'

ഒരു യൂണിറ്റ് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് മുൻസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവയുടെ പരിധിയിലെ അംഗൻവാടി കുട്ടികളെ ഉൾപ്പെടുത്തി ശലഭോത്സവം എന്ന പേരിൽ കലാപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഒരു പഞ്ചായത്ത് പരിധിയിൽ ഒന്നിൽ കൂടുതൽ യൂണിറ്റ് ഉണ്ടെങ്കിൽ സംയുക്തമായി സംഘാടക സമിതി രൂപീകരിച്ച് ഇവ നടത്താവുന്നതാണ് പരിപാടികൾക്ക് മത്സര സ്വഭാവം ഇല്ലാതെ മുഴുവൻ കുട്ടികൾക്കും അവരുടെ കലാപരമായ കഴിവുകൾ ആവിഷ്കരിക്കാനുള്ള വേദിയാണിത്. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.



## 7. PRABHA' Persons with Disabilities Rehabilitation and Basic Health Assistance

### വൈകല്യമുള്ള വിദ്യാർത്ഥികളെയും വ്യക്തികളെയും സഹായിക്കുന്ന പദ്ധതി

ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികളുടെയും വ്യക്തികളുടെയും പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും അവർക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം

ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികളും വ്യക്തികളും തുല്യ അവസരങ്ങളും അംഗീകാരവും ലഭിക്കാൻ അർഹരാണ്. ഈ പദ്ധതിയിലൂടെ കൂടുതൽ സമത്വപൂർണ്ണമായതും നീതിപൂർവകവുമായ സമൂഹം സൃഷ്ടിക്കാൻ കഴിയും.



പ്രവർത്തനങ്ങൾ :

- **വിവരശേഖരണം** : ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികളുടെയും വ്യക്തികളുടെയും പ്രശ്നങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖ രിക്കും. ഇതിനായി സർവേകൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, അഭി മുഖങ്ങൾ തുടങ്ങിയവ നടത്തും.
- **ബോധവൽക്കരണം** : ശാരീരിക വൈകല്യമുള്ളവരുടെ അവകാശങ്ങളെക്കുറിച്ചും അവർക്ക് ലഭ്യമായ സേവനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തും.
- **ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ:**

  ചക്രകസേരകൾ, വാക്കർ, ക്രച്ചസുകൾ തുടങ്ങിയ ചലന സഹായ ഉപകരണങ്ങൾ നൽകുക..
  പ്രത്യേക ടോയ്ലറ്റുകൾ, ഷവറുകൾ, ഡ്രസ്സിംഗ് റൂമുകൾ തുടങ്ങിയ സൗകര്യങ്ങൾ നൽകുക.
  സ്പീച്ച്-ടു-ടെക്സ്റ്റ് സോഫ്റ്റ് വെയർ, ബ്രെയിലി ഡിസ്പ്ലേകൾ തുടങ്ങിയ സാങ്കേതിക സഹായങ്ങൾ നൽകുക.
  പാഠപുസ്തകങ്ങളുടെയും മറ്റ് വിദ്യാഭ്യാസ സാമഗ്രികളുടെയും ഡിജിറ്റൽ പതിപ്പുകൾ നൽകുക.

## 8. 'അഗ്നിച്ചിറകുകൾ'

നിലവിൽ വീട്ടമ്മമാരായി മാത്രം പരിമിതപ്പെട്ട് ജീവിക്കുന്ന വനിതകൾക്ക് ഉപജീവനമാർഗങ്ങൾ കണ്ടെത്താനുതകും വിധം ആധുനിക നൈപുണികൾ പരിശീലിപ്പിക്കുന്ന പദ്ധതിയാണിത്. സ്കൂൾ പരിസരത്തുള്ള കുറഞ്ഞത് 10 വനിതകൾക്കാണ് പരിശീലനം നൽകേണ്ടത് ഓൺലൈൻ സംരംഭങ്ങൾ, ആഭരണ നിർമ്മാണം, കുട നിർമ്മാണം ഭക്ഷ്യ സംസ്കരണം, അലങ്കാര ചെടികളുടെ വിപണനം അരുമപക്ഷി മൃഗപരിപാലനം, ഹോം ബേക്കിംഗ്, അക്വേറിയം നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകണം. ഗവൺമെൻറ് ഏജൻസികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം ഉറപ്പാക്കേണ്ടതാണ് പരിശീലനം ലഭിച്ച വനിതകൾക്കായി തൊഴിൽമേള സംഘടിപ്പിക്കാവുന്നതാണ്.



## 9. ഗാന്ധിദർശൻ

ഒക്ടോബർ രണ്ടു മുതൽ ഒരാഴ്ചകാലം നീണ്ടുനിൽക്കുന്ന വിവിധ പ്രോഗ്രാമുകൾ സ്വച്ഛതാഹി സേവ, ഗാന്ധി സ്മൃതി, കൈത്തറി വസ്ത്ര പ്രദർശനം, ഗാന്ധി സിനിമ പ്രദർശനം, പോസ്റ്റർ നിർമ്മാണം എന്നിവ ഇതിന്റെ ഭാഗമായി നടത്താവുന്നതാണ്.

# III ഐച്ഛിക പ്രവർത്തനങ്ങൾ



## 1. ' എന്റെ നാട്ടിലുണ്ടൊരു നല്ലിടം '

പ്രാദേശികമായി ഇതുവരെ അറിയപ്പെടാത്തതും എന്നാൽ വലിയ വിനോദസഞ്ചാര സാധ്യതകൾ ഉള്ളതുമായ മനോഹരങ്ങളായ പ്രദേശങ്ങൾ കണ്ടെത്തി അവിടത്തെ സാധ്യതകളെക്കുറിച്ച് പഠിച്ച് ഒരു പ്രബന്ധം തയ്യാറാക്കുകയും അത് എൻഎസ്എസ് സെല്ല് വഴി വിനോദസഞ്ചാര വകുപ്പിന് നൽകുന്ന പദ്ധതിയാണിത് പ്രാദേശികമായി ഒട്ടേറെ വികസനവും തൊഴിൽ സാധ്യതകളും സൃഷ്ടിക്കുന്ന ഈ പദ്ധതി ഗൗരവത്തോടുകൂടി യൂണിറ്റുകൾ ഏറ്റെടുക്കേണ്ടതാണ്.

## 2. ജീവാമൃതം

സംസ്ഥാനത്തെ ഗ്രാമപ്രദേശത്തെ കുടിവെള്ളം, മണ്ണ് എന്നിവയുടെ ഗുണനിലവാര പരിശോധന ലക്ഷ്യം: സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

പ്രവർത്തനങ്ങൾ :

- ഒരു യൂണിറ്റ് ദത്തുഗ്രാമത്തിലെ കിണറുകളിൽ നിന്ന് കുടി വെള്ള സാമ്പിളുകൾ ശേഖരിക്കുക./ ദത്തു ഗ്രാമത്തിലെ വിവിധ കൃഷിയിടങ്ങളിൽ നിന്ന് മണ്ണ് പരിശേധനക്കു വേണ്ടുന്ന രീതിയിൽ ശേഖരിക്കുന്നു.
- സാമ്പിളുകൾ രാസപരിശോധനയ്ക്ക് വിധേയമാക്കുക.
- ഫലങ്ങൾ ഉപയോക്താക്കളെയും ഗ്രാമപഞ്ചായത്തുകളെയും അറിയിക്കുക.
- ആവശ്യമെങ്കിൽ, ജലം ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ആവശ്യമെങ്കിൽ മണ്ണിന്റെ ഗുണം കൂട്ടുന്നതിനുള്ള ഇടപെലുകൾ നടത്താം.
- മണ്ണിൽ സുഷ്മ മൂലകങ്ങളുടെ കുറവ് കണ്ടെത്തി പരിഹാരം നടത്താം.

## പ്രതീക്ഷിക്കുന്ന ഫലങ്ങൾ:

- ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉയരുന്നു.
- ജലജന്യ രോഗങ്ങളുടെ വ്യാപനം കുറയുന്നു.
- ജനങ്ങളുടെ ആരോഗ്യവും ശുചിത്വവും മെച്ചപ്പെടുന്നു.
- കൃഷിക്കുള്ള മണ്ണിന്റെ ഗുണം കൂടുന്നു.
- വേണ്ട അളവിൽ വളപ്രയോഗം നടത്താൻ കഴിയുന്നു
- സൂക്ഷ്മ മൂലകങ്ങളുടെ അപര്യാപ്തത പരിഹരിക്കപ്പെടുന്നു.
- വിളകളിൽ നിന്ന് കൂടുതൽ ആദായം ലഭിക്കുന്നു.

സമയപരിധി :

ഈ പദ്ധതി ഒരു വർഷത്തേക്ക് നടപ്പിലാക്കും



പങ്കാളികൾ

- സംസ്ഥാന ജലവിഭവ വകുപ്പ്
- മണ്ണ് പരിശോധന വകുപ്പ്
- ഗ്രാമപഞ്ചായത്തുകൾ
- ആരോഗ്യ വകുപ്പ്
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

## 3. 'ഇൻസ്പയർ - ഐഡിയത്തോൺ :

പൊതുനിർദ്ദേശങ്ങൾ

### ടീം രൂപീകരണം :

2 വോളന്റിയർമാർ അടങ്ങുന്നതാണ് ഒരു ടീം.
ഓരോ യൂണിറ്റിൽ നിന്നും ഒന്നോ അതിലധികമോ ടീമുകൾ രൂപീകരിക്കാം.

### മത്സരഘട്ടങ്ങൾ

- **യൂണിറ്റ്തല മത്സരം :**
  ഓരോ യൂണിറ്റിൽ നിന്നും ഏറ്റവും മികച്ച ഒരു ടീമിനെ ക്ലസ്റ്റർതലത്തിലേക്ക് തിരഞ്ഞെടുക്കണം.
- **ക്ലസ്റ്റർതല മത്സരം :**
  ക്ലസ്റ്റർതല മത്സരത്തിൽ നിന്നും ഏറ്റവും മികച്ച രണ്ട് ടീമുകളെ ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കും.
- **ജില്ലാതല മത്സരം**
  ജില്ലാതല മത്സരത്തിൽ നിന്നും ഏറ്റവും മികച്ച രണ്ട് ടീമിനെ വിജയികളായി തിരഞ്ഞെടുക്കും
- **സംസ്ഥാനതല മത്സരം :**
  ജില്ലാതലത്തിൽ നിന്ന് വിജയികളായി ഒന്നാം സ്ഥാനം നേടിയ ടീം സംസ്ഥാന തലത്തിൽ മത്സരിക്കും.
- **അവതരണം :**
  ഡിജിറ്റൽ രൂപത്തിലാണ് അവതരണം നടത്തേണ്ടത്. മലയാളത്തിലോ ഇംഗ്ലീഷിലോ ആകാം.
  പരമാവധി അവതരണ സമയം: 10 മിനിട്ട്

- വിധി നിർണ്ണയ മാനദണ്ഡങ്ങൾ :

നൂതനമായ ആശയം: 30 മാർക്ക്

ആശയങ്ങളുടെ പ്രയോഗക്ഷമത : 10 മാർക്ക്

ഡിജിറ്റൽ പ്രസന്റേഷൻ: 5 മാർക്ക്

ആശയ അവതരണത്തിലെ മികവ് :5 മാർക്ക്

മലയാളത്തിലോ ഇംഗ്ലീഷിലോ ആകാം. പരമാവധി അവതരണ സമയം 10 മിനിട്ട്

ആകെ: 50 മാർക്ക്

- ലക്ഷ്യങ്ങൾ:

വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ചിന്തയും പ്രശ്നപരിഹാര കഴിവുകളും വികസിപ്പിക്കുക.

സാമൂഹിക പ്രശ്നങ്ങൾക്ക് പുതിയ പരിഹാരങ്ങൾ കണ്ടെത്തുക.

വിദ്യാർത്ഥികളിൽ സംരംഭകത്വ ഗുണങ്ങൾ വളർത്തുക.

## പ്രത്യേക പരിപാടികൾ

### 1. 'ഭാരത് ദർശൻ' - ദേശീയോദ്ഗ്രഥനയാത്ര

ലക്ഷ്യം: ഭാരതത്തിന്റെ സാംസ്കാരിക, പ്രാദേശിക, മതപരമായ വൈവിധ്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അറിവ് നൽകുകയും ദേശീയ ഐക്യബോധം വളർത്തുകയും ചെയ്യുക.

- യാത്രാ പദ്ധതി തയ്യാറാക്കുന്നതും യാത്രകൾ സംഘടിപ്പിക്കുന്നതും എൻ.എസ്.എസ്. സെല്ലിന്റെ നേതൃത്വത്തിലായിരിക്കും .
  യാത്രാ പദ്ധതിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രധാനപ്പെട്ട ചരിത്ര സ്ഥലങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പ്രകൃതിദത്ത സൗന്ദര്യം എന്നിവ ഉൾപ്പെടുത്തും...
- വിദ്യാർത്ഥികൾക്ക് ഓരോ സ്ഥലത്തും വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പഠന സന്ദർശനങ്ങൾ നടത്താൻ അവസരം ലഭിക്കും.



### കൺവീനർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കുമുള്ള യാത്രകൾ:

- കൺവീനർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും ഇതേ മാതൃകയിൽ യാത്രകൾ സംഘടിപ്പിക്കും.
- ഈ യാത്രകൾ പരമാവധി 7 ദിവസത്തെ ദൈർഘ്യമുള്ളതായിരിക്കും.
- രാജ്യത്തിന്റെ വികസന പദ്ധതികളും സർക്കാർ നടപ്പിലാക്കുന്നവിവിധ പരിപാടികളും പി.എ.സി. അംഗങ്ങൾക്കും പ്രോഗ്രാം ഓഫീസർമാർക്കും നേരിട്ട് കാണാൻ അവസരം ലഭിക്കും.
- ഈ യാത്രകൾ അവരുടെ ജോലിയിൽ കൂടുതൽ കാര്യക്ഷമത കൈവരിക്കാനും രാജ്യത്തെക്കുറിച്ച് കൂടുതൽ അറിയാനും സഹായിക്കും.




# IV. ക്യാമ്പസ് പ്രവർത്തങ്ങൾ

## 1. 'ഒരു ദിനം ഒരു അറിവ്'

ലോകത്തിലെ സമകാലിക സംഭവവികാസങ്ങൾ, ചരിത്രം, പ്രധാന നാഴിക കല്ലുകൾ, കലാകായിക മേഖലകൾ,ശാസ്ത്രം, പരിസ്ഥിതി തുടങ്ങിയവയിൽ നിന്നും തിരഞ്ഞെടുത്ത വിഷയങ്ങൾ ഇൻഫോവാളിൽ പ്രദർശിപ്പിക്കുക. 2 വളണ്ടിയർമാർ അടങ്ങുന്ന ഒരു ടീം ഓരോ ദിവസവും ഒരു പുതിയ വിഷയം തിരഞ്ഞെടുത്ത് അതുമായി ബന്ധപ്പെട്ട വിവരം ഇൻഫോവാളിൽ പ്രദർശിപ്പിക്കുക ഓരോ ദിവസവും പുതിയ അറിവുകൾ പ്രദർശിപ്പിക്കുക **A**4 പേപ്പറിൽ തയ്യാറാക്കുന്ന ഡോക്യുമെൻറിൽ തീയതി, വിഷയം, വളണ്ടിയർമാരുടെ പേരുകൾ, ഉറവിടങ്ങൾ, പുസ്തകങ്ങൾ, ലിങ്കുകൾ, ലേഖനങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കണം.

വർഷാവസാനം മോണിറ്ററിങ്ങിനായി ഒരു വർഷത്തെ പ്രവർത്തനങ്ങൾ ബൈൻ്റ് ചെയ്ത് സൂക്ഷിക്കണം. മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ഈ പദ്ധതിയെ അടിസ്ഥാമാക്കി പ്രശ്നോത്തരികൾ നടത്തി സമ്മാനങ്ങൾ നൽകാവുന്നതാണ്.

### കുറിപ്പ്

- പത്രക്കട്ടിങ്ങുകൾ പോലെയുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നത് ഒഴിവാക്കുക.
- വിവരങ്ങൾ ലളിതവും മനസ്സിലാക്കാൻ എളുപ്പവുമാക്കുക.
- ഡിജിറ്റൽ ഇൻഫോവാൾ ഉള്ള യൂണിറ്റുകളിൽ വിവിധ മാധ്യമങ്ങൾ ഉപയോഗിച്ച് വിവരങ്ങൾ അവതരിപ്പിക്കുക. (ചിത്രങ്ങൾ, വീഡിയോകൾ, ഗ്രാഫിക്കുകൾ)
- വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കുക (ചോദ്യങ്ങൾ ചോദിക്കുക, ചർച്ചകൾ നടത്തുക, ക്വിസുകൾ നടത്തുക) ഈ പദ്ധതി വിദ്യാർത്ഥികളുടെ അറിവ് വികസിപ്പിക്കാനും.

അവരെ തുടർ പഠനങ്ങൾക്കും ഗവേഷണപരമായ ശേഷികൾ കൈവരിക്കുന്നതിനും സഹായിക്കും.

## 2. 'Clean Campus Green Campus'

മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ജൂൺ മുതൽ ഫെബ്രുവരി വരെ എല്ലാ മാസത്തിലും ശുചിത്വബോധം കുട്ടികളിൽ വളർത്തുന്നതിനും ഹരിതചട്ടപാലനത്തിൻറെ പ്രാധാന്യംബോധ്യപ്പെടുത്തുന്നതിനുംഈപദ്ധതിലക്ഷ്യമിടുന്നു.എൻഎസ്എസ്യൂണിറ്റ്മുൻവർഷങ്ങളിൽ നിർമ്മിച്ച തനതിടം,സ്നേഹാരാമം, ഇൻഫോവാൾ, ഫ്രീഡം വാൾ എന്നിവയുടെ ശുചീകരണം, നവീകരണം എന്നിവ ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമാക്കാവുന്നതാണ്.

## 3. ' ആരോഗ്യ ക്യാമ്പുകൾ'

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്കൂളിലെ വിദ്യാർഥികൾക്കും പ്രദേശവാസി കൾക്കുമായി നേത്രപരിശോധന, ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പുകൾ, ദന്ത പരിശോധന, അർ ബുദ, കിഡ്നി രോഗനിർണ്ണയ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.




## 4. 'സ്നേഹ സംഗമം'

വിദ്യാലയ പരിസരവാസികളായ വയോജനങ്ങളെ വിദ്യാലയത്തിലേക്ക് ക്ഷണിച്ച് വിദ്യാർത്ഥി കളും അദ്ധ്യാപകരും അവരുമായി സ്നേഹ സംവാദം നടത്തി തലമുറകൾ ആർജിച്ച വിലപ്പെട്ട അനുഭവങ്ങളും നൈപുണ്യങ്ങളും പരസ്പരം വിനിമയം നടത്തുകയും അത് ഒരു സാംസ്കാരിക, സാമൂഹിക മൂലധനമായി പരിവർത്തനപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് ഇത്.

- കർഷകർ, വ്യവസായികൾ, പരമ്പരാഗത തൊഴിൽ മേഖലകളിൽ നിന്നുള്ളവർ, വീട്ടമ്മമാർ സേവന മേഖലയിൽ നിന്ന് വിരമിച്ചവർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്ന് അനുഭവസമ്പത്തുള്ള വിശ്രമജീവിതം നയിക്കുന്നവരെ ഇതിൽ ഉൾപ്പെടുത്താം.
- ഒരു മുഴുവൻ ദിവസ പരിപാടിയായി ഒരു ഒഴിവു ദിനം കണ്ടെത്തി ഈ പ്രവർത്തനം നടത്തേണ്ടതാണ്.
- ഇതിൽ വയോജനങ്ങളുടേയും കുട്ടികളുടേയും പരിപാടികൾ ഉൾപ്പെടുത്താവുന്നതാണ്.
- ഈ പദ്ധതിയിൽ പങ്കെടുത്ത മുഴുവൻ വ്യക്തികളുടേയും പേര്, വയസ്സ്, മേൽവിലാസം, പ്രവർത്തന മേഖല, ഫോൺ നമ്പർ, എന്നിവ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.

വർഷാന്ത മോണിറ്ററിംങ്ങിന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ, ഫോട്ടോ, വീഡിയോ തുടങ്ങിയവ ഹാജരാക്കണം.

## 6. 'നമ്മുടെ കൃഷിത്തോട്ടം'

എല്ലാ യൂണിറ്റുകളിലും കുറഞ്ഞത് 50 തടങ്ങളിൽ പഴം - പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച് ഒരു കൃഷിത്തോട്ടം നിർമ്മിച്ച് പരിപാലിക്കേണ്ടതാണ്. സ്ഥലപരിമിതിയുള്ള വിദ്യാലയങ്ങൾ ഗ്രോബാഗുകൾ, ഡ്രമ്മുകൾ എന്നിവ ഉപയോഗപ്പെടുത്തി കൃഷി ചെയ്യേണ്ടതാണ്. കൃഷിവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടു കൂടി ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. പ്രാദേശിക അനുയോജ്യതക്ക് അനുസരിച്ച് വിത്തിനങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ് . കാർഷിക സംസ്കാരം, തൊഴിൽ മഹത്വം, സ്വാശ്രയത്വം, ഭക്ഷ്യ സുരക്ഷ എന്നിവയെ കുറിച്ചുള്ള ബോധ്യം കുട്ടികളിൽ വളർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വർഷാന്ത മോണിറ്ററിംങ്ങിന് പ്രവർത്തനങ്ങൾ, ഫോട്ടോ, വീഡിയോ തുടങ്ങിയവ ഹാജരാക്കണം.



# V. യൂണിറ്റ് തല ആക്ഷൻ പ്ലാൻ 2025-26

## പൂരിപ്പിക്കേണ്ട നിർദ്ദേശങ്ങൾ

- എൻ.എസ്.എസ്. സെൽ പുറത്തിറക്കിയിട്ടുള്ള ആക്ഷൻ പ്ലാൻ മുൻ നിർത്തിയാണ് യൂണിറ്റ്തല ആക്ഷൻ പ്ലാൻ രൂപപ്പെടുത്തേണ്ടത്.
- യൂണിറ്റ് നടപ്പിലാക്കുന്ന ഓറിയന്റേഷൻ, കമ്മ്യൂണിറ്റി, ക്യാമ്പസ് പ്രവർത്തനങ്ങൾ എന്നിവ കൂടി ചേർത്ത് യൂണിറ്റ്തല ആക്ഷൻ പ്ലാൻ പൂർത്തിയാക്കുക.
- പ്രസിദ്ധീകരിച്ച ആക്ഷൻ പ്ലാനിലെ പ്രവർത്തന ക്രമീകരണ പാദങ്ങൾ നോക്കി യൂണിറ്റിലെ പ്രവർത്തനങ്ങൾ ഏതു മാസത്തിലാണ് നടപ്പിലാക്കുന്നതെന്ന് രേഖപ്പെടുത്തുക.
- യൂണിറ്റ്തല ആക്ഷൻ പ്ലാനിൽ എൻ.എസ്.എസ്. സെൽ നിർദ്ദേശിച്ച ഐച്ഛിക പദ്ധതികൾ (Optional) കൂടി ഉൾപ്പെടുത്താവുന്നതാണ്.
- യൂണിറ്റ്തല ഉപദേശകസമിതി യോഗം ചേർന്നതിനുശേഷം യൂണിറ്റ്തല ആക്ഷൻ പ്ലാൻ പൂർത്തിയാക്കേണ്ടതാണ്.
- ഉപദേശകസമിതി യോഗത്തിൽ പ്രസ്തുത ആക്ഷൻ പ്ലാൻ അംഗീകരിച്ചതായി രേഖപ്പെടുത്തണം.
- ആക്ഷൻ പ്ലാനിൻറെ ഓരോ പേജിലും സ്കൂൾ സീൽ പതിപ്പിക്കേണ്ടതാണ്.
- പ്രോഗ്രാം ഓഫീസർ, പ്രിൻസിപ്പൽ എന്നിവരുടെ പേരും, ഒപ്പും അവസാന പേജിൽ ഉണ്ടായിരിക്കണം.
- യൂണിറ്റ്തല ആക്ഷൻ പ്ലാനിന്റെ ഒരു കോപ്പി യൂണിറ്റിൽ സൂക്ഷിക്കേണ്ടതാണ്.
- രണ്ട് കോപ്പികൾ ക്ലസ്റ്റർ കൺവീനറെ ഏൽപ്പിക്കേണ്ടതാണ്.

| പാദം | മാസങ്ങൾ | | |
|---|---|---|---|
| ഒന്നാം പാദം | ഏപ്രിൽ | മെയ് | ജൂൺ |
| രണ്ടാം പാദം | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ |
| മൂന്നാം പാദം | ഒക്ടോബർ | നവംബർ | ഡിസംബർ |
| നാലാം പാദം | ജനുവരി | ഫെബ്രുവരി | മാർച്ച് |

# പരിശീലന പരിപാടി

ലക്ഷ്യം: വോളന്റിയർമാർക്കും പ്രോഗ്രാം ഓഫിസർമാർക്കും പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ സജ്ജമാക്കുകയും, യൂണിറ്റുകളിലെ പ്രവർത്തനം ക്രിയാത്മകമാക്കുകയും ചെയ്യുക.

## 1. VLTC (Volunteer Leadership Training Camp)

ലക്ഷ്യം: പ്ലസ് വൺ വോളന്റിയർ ലീഡർമാർക്ക് പരിശീലനം നൽകുക.

പങ്കെടുക്കുന്നവർ:

ഒരു യൂണിറ്റിൽ നിന്നുള്ള രണ്ട് ലീഡർമാർ (ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും), ട്രാൻസ്ജെൻഡർ വോളന്റിയർ ലീഡർമാരുള്ള യൂണിറ്റുകളിൽ നിന്നും അവരെ പങ്കെടുപ്പിക്കണം.

## 2. Media Wing

**ഉദ്ദേശ്യങ്ങൾ :**

- വോളന്റിയർമാരുടെ നൂതന സാങ്കേതിക സംവിധാനങ്ങൾ ക്രിയാത്മകമായി ഉപയോഗിക്കാൻ പ്രാപ്തരാക്കുക.
- എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗ്, പോസ്റ്റർ നിർമ്മാണം തുടങ്ങിയവയ്ക്ക് ആധുനിക സാങ്കേതിക സംവി ധാനങ്ങൾ ഉപയോഗിക്കാൻ യൂണിറ്റിനെ സജ്ജമാക്കുക.
- സമൂഹമാധ്യമങ്ങളിൽ വോളന്റിയർമാരുടെ ഇടപെടൽ സർഗ്ഗാ ത്മകമാക്കുക.
- സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നീ മേഖലകളിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- മുകളിൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾക്ക് പുറമെ, എൻ.എസ്.എസ്. മീഡിയാ വിംഗിന് താഴെപ്പറയുന്ന ലക്ഷ്യങ്ങളും ഉൾപ്പെടുത്താവുന്നതാണ്.
- ഡിജിറ്റൽ സാക്ഷരത പ്രോത്സാഹിപ്പിക്കുക: വോളന്റിയർമാർക്ക് ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, ഓൺലൈൻ സുരക്ഷ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നൽകുക.
- എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ ദൃശ്യവൽക്കരണം : ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, ഗ്രാഫിക് ഡിസൈൻ തുടങ്ങിയ മാധ്യമങ്ങൾ ഉപയോഗിച്ച് എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ ഡോക്യുമെൻറേഷൻ മെച്ചപ്പെടുത്തുക.
- സോഷ്യൽ മീഡിയ കാമ്പയിനുകൾ സംഘടിപ്പിക്കുക: സാമൂ ഹിക പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും എൻ.എ സ്.എസ്. പ്രവർത്തനങ്ങളിൽ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി സോഷ്യൽ മീഡിയ കാമ്പയിനുകൾ സംഘടിപ്പിക്കുക.
- വെബ്സൈറ്റ്, സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ എന്നിവ മാനേജ് ചെയ്യുക. സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ കാര്യക്ഷമ മായി മാനേജ് ചെയ്യുകയും അവയിലൂടെ കൃത്യവും കാലികവുമായ വിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുക.
- ഡാറ്റാ വിശകലനം ഉപയോഗിക്കുക: എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്താനും ഭാവിപദ്ധതി കൾ ആസൂത്രണം ചെയ്യാനും ഡാറ്റാ വിശകലനം ഉപയോഗിക്കുക.

- **ഘടനയും പരിശീലനവും**
- എൻ.എസ്.എസ്. യൂണിറ്റിൽ നിന്ന് സാങ്കേതിക അഭിരുചി യുള്ള നാല് വോളന്റിയർമാരെ തിരഞ്ഞെടുക്കുക. തിരഞ്ഞെടുപ്പിൽ ലിംഗനീതി ഉറപ്പാക്കുക.
- ക്ലസ്റ്റർതലത്തിൽ/ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന നിശ്ചിത പരിശീലനത്തിൽ യൂണിറ്റുകളിൽ നിന്നുള്ള നാലു വോളൻറിയർമാർ പങ്കെടുക്കണം.
- മൊഡ്യൂൾ, എൻ.എസ്.എസ്. സെല്ലിൽ നിന്ന് നൽകും
- പരിശീലനം ക്ലസ്റ്റർ/ജില്ലാ കേന്ദ്രങ്ങളിൽ നൽകണം.



## 3. PreCamp Orientation

പ്രോഗ്രാം ഓഫീസർമാർ/ മറ്റ് അദ്ധ്യാപകർ എന്നിവർക്കുള്ള പരിശീലനങ്ങൾ

**ലക്ഷ്യം:** സപ്തദിന ക്യാമ്പിന് മുന്നോടിയായി പ്രീ ക്യാമ്പ് ഓറിയൻറേഷൻ ക്ലസ്റ്റർ/ ജില്ലാതലത്തിൽ സംഘടിപ്പിക്കുക.

**പങ്കെടുക്കുന്നവർ :** ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാർ ഓരോ പരിപാടിയുടെയും കൃത്യമായ തീയതി, സമയം, സ്ഥലം എന്നിവ പിന്നീട് സർക്കുലർ വഴി അറിയിക്കും.

## 4. PRISM (Programme Officers Inservice Mentoring):

**ലക്ഷ്യം:** പരിശീലനം ലഭിക്കാത്ത പ്രോഗ്രാം ഓഫീസർമാർക്ക് ജില്ല, മേഖല, സംസ്ഥാന തലത്തിൽ പരിശീലനം നൽകുക.

**പങ്കെടുക്കുന്നവർ :** പരിശീലനം ലഭിക്കാത്ത പ്രോഗ്രാം ഓഫീസർമാർ

## 5. TOT (Training of Trainers):

**ലക്ഷ്യം:** വോളൻറിയർ ലീഡർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ സജ്ജമാക്കുക.


**പങ്കെടുക്കുന്നവർ :**

തിരഞ്ഞെടുക്കപ്പെട്ട പരിശീലകർ.

## 6. LAP (Leadership Acceleration Programme)

**ലക്ഷ്യം:** ക്ലസ്റ്റർ കൺവീനർമാർക്ക് പരിശീലനം നൽകുക.

പങ്കെടുക്കുന്നവർ : റീജിയണൽ, ജില്ല, ക്ലസ്റ്റർ കൺവീനർമാർ.



| | | | |
|---|---|---|---|
| **എൻ.എസ്.എസ് പുറത്തിറക്കിയിട്ടുള്ള ആക്ഷൻ പ്ലാൻ.** | | | |
| **ഓറിയന്റേഷൻ** | | | |
| **നിർബന്ധിത ഓറിയന്റേഷൻ (Mandatory)** | | | |
| **ക്രമ നമ്പർ** | **ഇനം** | **പ്രവർത്തന ക്രമീകരണം** | **പ്രവർത്തന മണിക്കൂറുകൾ** |
| 1 | സ്പെസിഫിക് ഓറിയന്റേഷൻ | പ്ലസ് വൺ | 3 |
| 2 | സന്നദ്ധം | പ്ലസ് വൺ | 2 |
| 3 | സത്യമേവ ജയതേ | പ്ലസ് വൺ | 2 |
| 4 | വീ ദ പീപ്പിൾ | പ്ലസ് വൺ | 2 |
| 5 | സമദർശൻ | പ്ലസ് വൺ | 2 |
| 6 | കാരുണ്യ സ്പർശം | പ്ലസ് വൺ | 2 |
| 7 | യൂണിറ്റ് തല തനത് പ്രവർത്തനങ്ങൾ /ക്ലസ്റ്റർ ജില്ലാതലം /സംസ്ഥാനതലം /ദേശീയതല ഓറിയന്റേഷൻ | പ്ലസ് വൺ | 7 |
| | **ആകെ മണിക്കൂറുകൾ** | **പ്ലസ് വൺ** | **20** |
| | | | |
| 1 | നമ്മുടെ ഭൂമി | പ്ലസ് ടു | 2 |
| 2 | സമ്മതിദാനാവകാശബോധവത്കരണം | പ്ലസ് ടു | 2 |
| 3 | ഡിജിറ്റൽ ഹൈജീൻ | പ്ലസ് ടു | 2 |
| 4 | കാരുണ്യ സ്പർശം | പ്ലസ് ടു | 2 |
| 5 | ഇമോഷണൽ ഇന്റലിജൻസ് ആൻഡ് എമ്പതി | പ്ലസ് ടു | 2 |
| | യൂണിറ്റ് തല തനത് പ്രവർത്തനങ്ങൾ /ക്ലസ്റ്റർ ജില്ലാതലം /സംസ്ഥാനതലം /ദേശീയതല ഓറിയന്റേഷൻ | പ്ലസ് ടു | 10 |
| | **ആകെ മണിക്കൂറുകൾ** | **പ്ലസ് ടു** | **20** |
| | | | |
| **കമ്യൂണിറ്റി പ്രവർത്തനങ്ങൾ** | | | |
| **നിർബന്ധിത പ്രവർത്തനങ്ങൾ (Mandatory)** | | | |
| 1 | മാലിന്യമുക്ത മഴക്കാലം | ഒന്നാം പാദം | 3 |

| | | | |
|---|---|---|---|
| 2 | കൽപ്പകം | ഒന്നാം പാദം | 2 |
| 3 | ജീവിതോത്സവം | ഒന്നാം പാദം/രണ്ടാം പാദം | 10 |
| 4 | ടീൻ ഫോർ ഗ്രീൻ | രണ്ടാം പാദം | 5 |
| 5 | ഉപജീവനം /ഭവനം | മൂന്നാം പാദം | 6 |
| 6 | ശലഭോത്സവം | രണ്ടാം പാദം /മൂന്നാം പാദം | 5 |
| 7 | പ്രഭ | രണ്ടാം പാദം /മൂന്നാം പാദം | 4 |
| 8 | അഗ്നിച്ചിറകുകൾ | രണ്ടാം പാദം | 5 |
| 9 | ഗാന്ധി ദർശൻ | മൂന്നാം പാദം | 5 |
| 10 | ആക്ഷൻ പ്ലാനിനു പുറത്തുവരുന്ന പ്രവർത്തനങ്ങൾ യൂണിറ്റ് തല തനത് പ്രവർത്തനങ്ങൾ /ക്ലസ്റ്റർ ജില്ലാതലം /സംസ്ഥാനതലം /ദേശീയതല പ്രവർത്തനങ്ങൾ | | 25 |
| | **ആകെ മണിക്കൂറുകൾ** | | **70** |
| | | | |
| **ഐച്ഛിക പ്രവർത്തനങ്ങൾ(Optional)** | | | |
| 1 | എന്റെ നാട്ടിലുണ്ടൊരു നല്ലിടം | രണ്ടാം പാദം /മൂന്നാം പാദം | 5 |
| 2 | ജീവാമൃതം | രണ്ടാം പാദം /മൂന്നാം പാദം | 5 |
| 3 | ഐഡിയാത്തോൺ | മൂന്നാം പാദം | 5 |
| | **ആകെ മണിക്കൂറുകൾ** | | **15** |
| | | | |
| **ക്യാമ്പസ് പ്രവർത്തനങ്ങൾ** | | | |
| **നിർബന്ധിത പ്രവർത്തനങ്ങൾ (Mandatory)** | | | |
| 1 | ഒരു ദിനം ഒരു അറിവ് | ഒന്നാം പാദം/രണ്ടാം പാദം /മൂന്നാം പാദം | 3 |
| 2 | ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ് | ഒന്നാം പാദം/രണ്ടാം പാദം /മൂന്നാം പാദം | 4 |

| | | | |
|---|---|---|---|
| 3 | നമ്മുടെ കൃഷിത്തോട്ടം | ഒന്നാം പാദം/രണ്ടാം പാദം /മൂന്നാം പാദം/നാലാം പാദം | 5 |
| 4 | ആരോഗ്യ ക്യാമ്പുകൾ | രണ്ടാം പാദം | 3 |
| 5 | സ്നേഹ സംഗമം | രണ്ടാം പാദം /മൂന്നാം പാദം | 4 |
| 6 | തെളിമ | നാലാം പാദം | 3 |
| 7 | എന്റെ സംരംഭകത്വം<br>ഉൽപ്പന്ന പ്രദർശന വിപണന മേളകൾ | രണ്ടാം പാദം /മൂന്നാം പാദം | 3 |
| 8 | ആക്ഷൻ പ്ലാനിനു പുറത്തുവരുന്ന പ്രവർത്തനങ്ങൾ യൂണിറ്റ് തല തനത് പ്രവർത്തനങ്ങൾ /ക്ലസ്റ്റർ ജില്ലാതലം /സംസ്ഥാനതലം /ദേശീയതല പ്രവർത്തനങ്ങൾ | | 5 |
| | **ആകെ മണിക്കൂറുകൾ** | | **30** |
| | | | |
| | പ്രത്യേക പരിപാടികൾ യൂണിറ്റിൽനിന്നും ക്ലസ്റ്ററിൽ നിന്നും ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വോളണ്ടിയർമാർക്ക് മാത്രം | | |
| 1 | സമന്വയം അന്തർജില്ല പഠന ക്യാമ്പ് | | |
| 2 | ഭാരത ദർശൻ | | |
| | പരിശീലനം യൂണിറ്റിൽ നിന്നും ക്ലസ്റ്ററിൽ നിന്നും ജില്ലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വോളണ്ടിയർമാർക്ക് മാത്രം | | |
| 1 | VLTC | | |
| 2 | Media Wing | | |
| 3 | Pre- Camp Orientation | | |

# യൂണിറ്റ് തല ആക്ഷൻ പ്ലാൻ 2025 26

| | | | |
|---|---|---|---|
| സ്കൂൾ കോഡ് : | | ക്ലസ്റ്റർ : | |
| യൂണിറ്റിന്റെ പേര് : | | ജില്ല : | |
| പ്രോഗ്രാം ഓഫീസറുടെ പേര് : | | റീജിയൻ : | |
| ഫോൺ നമ്പർ : | | പ്രിൻസിപ്പാളിന്റെ പേര് : | |
| | | ഫോൺ നമ്പർ : | |

## ഓറിയന്റേഷൻ

| ക്രമനമ്പർ | ഇനം | | പ്രവർത്തന ക്രമീകരണം മാസം അടിസ്ഥാനത്തിൽ | പ്രവർത്തനമണിക്കൂറുകൾ |
|---|---|---|---|---|
| 1 | പ്ലസ് ടു വിന് എൻഎസ്എസ് സെൽ നിർദ്ദേശിച്ച നിർബന്ധിത ഓറിയന്റേഷൻ 10 മണിക്കൂർ | നമ്മുടെ ഭൂമി | | 2 |
| 2 | | സമ്മതിദാനാവകാശബോധവത്കരണം | | 2 |
| 3 | | ഡിജിറ്റൽ ഹൈജീൻ | | 2 |
| 4 | | കാരുണ്യ സ്പർശം | | 2 |
| 5 | | ഇമോഷണൽ ഇന്റലിജൻസ് ആൻഡ് എമ്പതി | | 2 |
| | പ്ലസ് ടു വിന് ആക്ഷൻ പ്ലാനിന് പുറത്തുവരുന്ന ഓറിയന്റേഷൻ യൂണിറ്റ് തല തനത് പ്രവർത്തനങ്ങൾ ക്ലസ്റ്റർ /ജില്ലാതലം/ സംസ്ഥാന/ദേശീയതല ഓറിയന്റേഷൻ 10 മണിക്കൂർ | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | **ആകെ മണിക്കൂറുകൾ** | | |
| 1 | പ്ലസ് വണ്ണിന് എൻഎസ്എസ് സെൽ നിർദ്ദേശിച്ച നിർബന്ധിത ഓറിയന്റേഷൻ 13 മണിക്കൂർ | സ്പെസിഫിക് ഓറിയന്റേഷൻ | | 3 |
| 2 | | സന്നദ്ധം | | 2 |
| 3 | | സത്യമേവ ജയതേ | | 2 |
| 4 | | വീ ദ പീപ്പിൾ | | 2 |
| 5 | | സമദർശൻ | | 2 |

| | | | | |
|---|---|---|---|---|
| 6 | | കാരുണ്യ സ്പർശം | | 2 |
| | പ്ലസ് വണ്ണിന് ആക്ഷൻ പ്ലാനിന് പുറത്തുവരുന്ന ഓറിയന്റേഷൻ യൂണിറ്റ് തല തനത് പ്രവർത്തനങ്ങൾ ക്ലസ്റ്റർ /ജില്ലാതലം/ സംസ്ഥാന/ദേശീയതല ഓറിയന്റേഷൻ 7 മണിക്കൂർ | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | **ആകെ മണിക്കൂറുകൾ** | | |

**കമ്യൂണിറ്റി പ്രവർത്തനങ്ങൾ**

| ക്രമനമ്പർ | ഇനം | | പ്രവർത്തന ക്രമീകരണം മാസം അടിസ്ഥാനത്തിൽ | പ്രവർത്തനമണിക്കൂറുകൾ |
|---|---|---|---|---|
| 1 | എൻഎസ്എസ് നിർദ്ദേശിച്ച നിർബന്ധിത കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ 45 മണിക്കൂർ | മാലിന്യമുക്ത മഴക്കാലം | | 3 |
| 2 | | കൽപ്പകം | | 2 |
| 3 | | ജീവിതോത്സവം | | 10 |
| 4 | | ടീൻ ഫോർ ഗ്രീൻ | | 5 |
| 5 | | ഉപജീവനം /ഭവനം | | 6 |
| 6 | | ശലഭോത്സവം | | 5 |
| 7 | | പ്രഭ | | 4 |
| 8 | | അഗ്നിച്ചിറകുകൾ | | 5 |
| 9 | | ഗാന്ധി ദർശൻ | | 5 |
| | ആക്ഷൻ പ്ലാനിന് പുറത്തുവരുന്ന പ്രവർത്തനങ്ങൾ യൂണിറ്റ് തല തനത് പ്രവർത്തനങ്ങൾ ക്ലസ്റ്റർ ജില്ലാതലം സംസ്ഥാന ദേശീയ തല കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ 25 മണിക്കൂർ | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

| | | | | |
|---|---|---|---|---|
| | | | | |
| | | **ആകെ മണിക്കൂറുകൾ** | | |
| | | | | |
| 1 | എൻഎസ്എസ് നിർദ്ദേശിച്ച നിർബന്ധിത ക്യാമ്പസ് പ്രവർത്തനങ്ങൾ 25 മണിക്കൂർ | ഒരു ദിനം ഒരു അറിവ് | | 3 |
| 2 | | ക്ലീൻ ക്യാമ്പസ് ഗ്രീൻ | | 4 |
| 3 | | നമ്മുടെ കൃഷിത്തോട്ടം | | 5 |
| 4 | | ആരോഗ്യ ക്യാമ്പുകൾ | | 3 |
| 5 | | സ്നേഹ സംഗമം | | 4 |
| 6 | | തെളിമ | | 3 |
| 7 | | എന്റെ സംരംഭകത്വം | | 3 |
| | ആക്ഷൻ പ്ലാന് പുറത്തുവരുന്ന പ്രവർത്തനങ്ങൾ യൂണിറ്റ് പ്രവർത്തനങ്ങൾ ക്ലസ്റ്റർ ജില്ലാതലം സംസ്ഥാന ദേശീയതല ക്യാമ്പസ് പ്രവർത്തനങ്ങൾ 5 മണിക്കൂർ | | | |
| | | | | |
| | | | | |
| | | | | |
| | | **ആകെ മണിക്കൂറുകൾ** | | |

**സ്കൂൾ സീൽ**


NOT ME
BUT YOU
NSS